കുത്തകപ്പാട്ടം.

334. [26] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം താലൂക്കിൽ പാങ്ങപ്പാറ പകുതിയിൽ ഉള്ളതും റവന്യൂ ഡിപ്പാർട്ടുമെൻറധീനതയിലുള്ളതും ഇപ്പോൾ കുത്തകപ്പാട്ടത്തിനു കൊടുത്തിരിക്കുന്നതുമായ നാലു് ഏക്കർ ഭൂമി ശ്രീകാര്യം പഞ്ചായത്തിൽ കുത്തകപ്പാട്ടത്തിനു വിട്ടുകൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു് പഞ്ചായത്തിൽനിന്നും വല്ല അപേക്ഷയും ഗവണ്മെൻറിനു ലഭിക്കുകയുണ്ടായിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഗവണ്മെൻറു് അതിന്മേൽ ഇതിനകം വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്തു് ?

ഉത്തരം.

(എ) പാങ്ങപ്പാറ പകുതിയിലുള്ള സർവ്വെ 1385-ം, 1386-ം നമ്പരുകളിൽ ഉൾപ്പെട്ട 5 ഏക്കർ 25 സെൻറു് വിസ്തീർണ്ണമുള്ള പുറമ്പോക്കു് ശ്രീകാര്യം പഞ്ചായത്തിനു വിട്ടുകൊടുക്കണമെന്നുള്ള ടി പഞ്ചായത്തിലെ 30-11-'53-ലെ 12-ാംനമ്പർ നിശ്ചയത്തിൻെറ പകർപ്പു് കിട്ടിയിട്ടുണ്ടു്.

(ബി) ഉണ്ടു്.

(സി) പഞ്ചായത്തു നിശ്ചയത്തിൻെറ പകർപ്പു് തിരുവനന്തപുരം ഡിസ്ട്രിക്ടു് കളക്ടർക്കു് അയച്ചുകൊടുത്തിട്ടുള്ളതും നടപടികൾ നടത്തിവരികയുമാണു്.

ഗ്രാമോദ്ധാരണ സഹകരണസംഘങ്ങൾ.

335. [31] ശ്രീ. പി. ആർ. മാധവൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തേനീച്ചവളർത്തൽ, നെയ്ത്തു്, കോഴി വളർത്തൽ, വിത്തുകാള സംരക്ഷണം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി സർക്കാരിൽനിന്നു് ഗ്രാൻറു വാങ്ങുന്ന എത്ര സഹകരണസംഘങ്ങൾ കുന്നത്തൂർ താലൂക്കിലുണ്ടു്; ഏതെല്ലാം സംഘങ്ങൾക്കു കിട്ടുന്നു; എത്ര കൊല്ലങ്ങളായി ഗ്രാൻറു നൽകുന്നുണ്ടു്; ഓരോ വർഷവും എത്ര തുകയാണു് നൽകിയിട്ടുള്ളതു് ;

(ബി) ടി സംഘങ്ങളുടെ ഇന്നത്തെ പ്രസിഡൻറു്, സെക്രട്ടറി തുടങ്ങിയ ഭാരവാഹികൾ ഏതൽസ്ഥാനങ്ങളിൽ ഇരിപ്പായിട്ടു് എത്ര കൊല്ലം വീതമായിട്ടുണ്ടു്; ചില സംഘങ്ങൾക്കു് അനുവദിച്ച തുകകൾ ഏതാനുംപേർ ചേർന്നു് വീതിച്ചെടുത്തതിനെപ്പറ്റി പരാതിയുണ്ടായിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly